# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2177 — 05/05/2017 - ൽ മറുപടിക്ക്

## ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീമതി.പി.അയിഷാ പോറ്റി** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) | ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യങ്ങൾ നിഷേധിച്ചുകൊണ്ടുള്ള കേന്ദ്ര സർക്കാർ ഉത്തരവിന്റെ വിശദാംശങ്ങൾ നൽകുമോ; | ( എ) | ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യങ്ങൾ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ 07.11.2016-ലെ V-14/11/5/2012-Med.I (policy) നമ്പർ കത്ത് പ്രകാരം പുതുക്കി നിശ്ചയിക്കുകയുണ്ടായി. ആയത് പ്രകാരം സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് അർഹതനേടാൻ പ്രധാനമായും താഴെപറയുന്ന യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതാണ്.<br>1. സൂപ്പർസ്പെഷ്യാലിറ്റി ചികിത്സയ്ക്കുള്ള അസുഖം കണ്ടെത്തുന്ന തീയതിക്ക് തൊട്ടുമുമ്പുള്ള രണ്ട് വർഷം ഐ.പി തുടർച്ചയായി ജോലി ചെയ്തിരിക്കേണ്ടതാണ്.<br>2.രോഗം ആരംഭിക്കുന്നതിനു മുമ്പായി നാല് അംശാദായ കാലയളവുകളിലായി 156 ദിവസത്തെ അംശാദായം അടയ്ക്കുകയും മേൽപറഞ്ഞ നാല് അംശാദായ കാലയളവിൽ ഏതെങ്കിലും രണ്ട് എണ്ണത്തിൽ രോഗാനുകൂല്യത്തിനു അർഹത ഉണ്ടായിരിക്കുകയും വേണം. |
| (ബി) | പ്രസ്തുത ഉത്തരവിൽ ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് ദോഷകരമായ വ്യവസ്ഥകൾ ഒഴിവാക്കി നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ചികിത്സാ സൗകര്യങ്ങൾ തുടർന്നും ലഭ്യമാക്കാൻ | (ബി) | ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് ദോഷകരമായ വ്യവസ്ഥകൾ റദ്ദാക്കണമെന്ന് കേന്ദ്ര തൊഴിൽ വകുപ്പ് മന്ത്രിയോട് ആവശ്യപ്പെട്ട് ബഹു.തൊഴിലും എക്സൈസും വകുപ്പ് |

| | | | |
|---|---|---|---|
| | നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുമോ; ആയതിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | | മന്ത്രി 28.04.2017 ന് കത്ത് അയച്ചിട്ടുണ്ട്. തീരുമാനം പുനഃപരിശോധിക്കുന്ന വിഷയം ഇ.എസ്.ഐ കോർപ്പറേഷൻ ഡയറക്ടർ ജനറലിന്റെ ശ്രദ്ധയിൽപ്പെടുത്തുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ